പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2165

11/02/2020 ൽ മറുപടി നല്കേണ്ടത്.

## ഫുഡ് ആന്റ് സേഫ്റ്റി രജിസ്ട്രേഷൻ ഫീസ് വർദ്ധനവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.സണ്ണി ജോസഫ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ഫുഡ് ആന്റ് സേഫ്റ്റി രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) അമിതമായ ഫീസ് വർദ്ധനവ് കാറ്ററിംഗ് മേഖലയിൽ പണിയെടുക്കുന്നവർക്ക് ഉണ്ടാക്കിയിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് അത് കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ? | (എ) & (ബി) | ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ / ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) ആണ്. ഫുഡ്ബിസിനസ് ഓപ്പറേറ്ററുടെ വാർഷിക വിറ്റുവരവ് 12 ലക്ഷം രൂപവരെയാണെങ്കിൽ ഫുഡ് സേഫ്റ്റി രജിസ്ട്രേഷനാണ് എടുക്കേണ്ടത്. ഇതിന്റെ ഫീസായി ഒരു വർഷത്തേയ്ക്ക് FSSAI നിശ്ചയിച്ചിരിക്കുന്നത് 100/- രൂപയാണ്. വാർഷിക വിറ്റുവരവ് 12 ലക്ഷത്തിന് മുകളിലുള്ളവർക്ക് ഫുഡ്സേഫ്റ്റി ലൈസൻസാണ് എടുക്കേണ്ടത്. ഇതിന്റെ ഫീസ് പ്രതിവർഷം 2000 രൂപയാണ്.<br><br>ഫീസ് വർദ്ധനവ് നിശ്ചയിക്കുന്നത് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ആയതിനാൽ ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ